(ബി) 30-9-2014-ലെ കണക്കുപ്രകാരം കേന്ദ്ര സർക്കാരിന കീഴിലെ വിവിധ വകുപ്പുകളിലായി 0.41 കോടി രൂപയും കേന്ദ്ര പൊതുമേഖലാ സ്ഥാപനങ്ങളിലായി 32.51 കോടി രൂപയും ആണ് കടിശ്ശിക. പവർ പ്ലാന്റുകളുടെ കടിശ്ശിക നിലവിലില്ല. സംസ്ഥാന പൊതുമേഖലാ സ്ഥാപനങ്ങൾ 850.67 കോടി രൂപയും കടിശ്ശിക വരുത്തിയിട്ടുണ്ട്.

മലപ്പുറം ജില്ലയിലെ റൂറൽ ഇലക്ട്രിസിറ്റി ഡിസ്ട്രിബ്യൂഷൻ ബാക്ക്ബോൺ.

28 (2266) <u>ശ്രീ. കെ. എൻ. എ. ഖാദർ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മലപ്പുറം ജില്ലയിലെ റൂറൽ ഇലക്ട്രിസിറ്റി ഡിസ്ട്രിബ്യൂഷൻ ബാക്ക്ബോൺ (REDB) എന്നാണ് പ്രവർത്തനം ആരംഭിക്കേണ്ടിയിരുന്നതെന്ന് അറിയിക്കുമോ ;

(ബി) ഈ പദ്ധതി ആരംഭിക്കുന്നതിൽ അസാധാരണമായ കാലവിളംബം ഉണ്ടായിട്ടുള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(സി) ഈ പദ്ധതിക്കാവശ്യമായ ഭൂമിയുടെ വികസനപ്രവർത്തനങ്ങൾ പൂർത്തിയായിട്ടുണ്ടോ ; ഇല്ലെങ്കിൽ എന്താണ് കാരണം ;

(ഡി) ഈ പദ്ധതി അടിയന്തരമായി പൂർത്തിയാക്കുന്നതിന് സർക്കാർ പ്രത്യേക ശ്രദ്ധ നൽകുമോ ?

<u>ഉത്തരം</u>

(എ) മലപ്പുറം ജില്ലയിൽ, രാജീവ് ഗാന്ധി ഗ്രാമീണ വൈദ്യുതീകരണ യോജനയുടെ റൂറൽ ഇലക്ട്രിസിറ്റി ഡിസ്ട്രിബ്യൂഷൻ ബാക്ക് ബോണിന്റെ (REDB) ഭാഗമായി മങ്കടയിൽ ഒരു 66/11 കെ.വി. സബ്സ്റ്റേഷനും അനുബന്ധ ലൈനുകളും സ്ഥാപിക്കുന്നതിന് റൂറൽ ഇലക്ട്രിഫിക്കേഷൻ കോർപ്പറേഷനിൽ (REC) നിന്നും 10-3-2010-ൽ അംഗീകാരം ലഭിച്ചു. അംഗീകാരത്തിന്റെ നിബന്ധനകൾ അനുസരിച്ച് ടേൺ കീ ടെണ്ടർ ക്ഷണിക്കുകയും, ഹൈദ്രാബാദിലെ ആസ്സൂർ എന്ന കമ്പനിക്ക് ഈ പ്രവൃത്തികൾ പൂർത്തികരിക്കുന്നതിന് 30-10-2011-ൽ കരാർ നല്കി, 10-2-2012-ൽ പദ്ധതി പ്രവൃത്തികൾ ആരംഭിച്ചു.

(ബി) ഉണ്ട്. നാളിതുവരെയായി ഏകദേശം 62 ശതമാനത്തോളം പ്രവൃത്തികൾ പൂർത്തീകരിച്ചു.

(സി) ഭൂമിയുടെ വികസന പ്രവർത്തനങ്ങൾ നടത്തി, സബ്സ്റ്റേഷൻ നിർമ്മാണം പൂർത്തിയായി വരുന്നു.

(ഡി) പദ്ധതി പൂർത്തീകരിക്കുന്നതിന് 31-1-2015 വരെ സമയം നീട്ടുന്നതിന് അനുമതി നൽകണമെന്ന് കോൺട്രാക്ടർ അപേക്ഷിച്ചിട്ടുണ്ട്. ഈ കാലാവധിക്കുള്ളിൽ പദ്ധതി പൂർത്തീകരിക്കുന്നതിനുള്ള ശ്രമത്തിലാണ്.

LIBRARY ARCHIVES Kerala Legislative Assembly